## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4649 — 20-10-2011 -ൽ മറുപടിക്ക്.

### കള്ള് ചെത്ത് വ്യവസായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ<br>" ബി. ഡി. ദേവസ്സി<br>" പുരുഷൻ കടലുണ്ടി<br>" കെ. കെ. നാരായണൻ | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) തൊഴിലധിഷ്ഠിത വ്യവസായമെന്ന പരിഗണന നൽകി കള്ളു ചെത്ത് വ്യവസായത്തെ സംരക്ഷിക്കുന്നതിൽ, സർക്കാരിന്റെ മുമ്പാകെയുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; | (എ) പരമ്പരാഗത വ്യവസായമെന്ന നിലയിൽ, കള്ളുചെത്ത് വ്യവസായത്തെ സംരക്ഷിക്കുന്നതിനായി, തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കി, ശുദ്ധമായ കള്ള് ഷോപ്പുകളിലൂടെ വില്പന നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. വ്യാജമദ്യത്തിന്റെയും സ്പിരിറ്റിന്റെയും കടത്ത്, വില്പന എന്നിവ തടഞ്ഞ്, ചെത്തു തോട്ടങ്ങൾ നിയമാനുസരണം പരിശോധിച്ച്, ചെത്തു വൃക്ഷങ്ങൾ ചെത്തുന്നുവെന്നുറപ്പാക്കി, കള്ള് ഷാപ്പുകളിലൂടെ ശുദ്ധമായ കള്ളിന്റെ ലഭ്യത ഉറപ്പാക്കിക്കൊണ്ട് കള്ളുചെത്ത് വ്യവസായത്തെ സംരക്ഷിച്ചു വരുന്നു. |
| (ബി) കള്ളുചെത്തും, വില്പനയും വ്യക്തികളേക്കാൾ നന്നായി സഹകരണ സംഘങ്ങൾ വഴി നടപ്പിലാക്കാൻ കഴിയും എന്ന കാര്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ; | (ബി) ഷാപ്പ് നടത്തിപ്പ്, മുൻ വർഷങ്ങളിൽ സൊസൈറ്റികളെ ഏൽപ്പിച്ചിരുന്നുവെങ്കിലും ലക്ഷ്യം നേടുന്നതിൽ പരാജയപ്പെടുകയാണുണ്ടായത്. |
| (സി) സംസ്ഥാനത്തിപ്പോൾ എത്ര സഹകരണ സംഘങ്ങൾ ഈ രംഗത്തുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) സംസ്ഥാനത്തിപ്പോൾ , ഇക്കാര്യത്തിലുള്ള സഹകരണ സംഘങ്ങളൊന്നും പ്രവർത്തിക്കുന്നില്ല. |

സെക്ഷൻ ആഫീസർ